**മൂന്നാം അലോട്ട്മെന്റ്**
**നിർദ്ദേശങ്ങൾ**

# കേരള സർവ്വകലാശാല

## അഫിലിയേറ്റഡ് ആർട്സ് ആന്റ് സയൻസ് കോളെജുകളിലെ ഒന്നാം വർഷ ബി. എ./ ബി. എസ്. സി/ ബി. കോം./ ബി. വോക് പ്രോഗ്രാമുകളിലേക്ക് പ്രവേശനത്തിനുള്ള കേന്ദ്രീകൃത അലോട്ട്മെന്റ് 2018 - 2019

2018 - 2019 അദ്ധ്യയന വർഷത്തെ ബിരുദ പ്രവേശനത്തിനുള്ള മൂന്നാം അലോട്ട്മെന്റ് http://admissions.keralauniversity.ac.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. അപേക്ഷകർ ആപ്ലിക്കേഷൻ നമ്പറും പാസ്‌വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് തങ്ങളുടെ അലോട്ട്മെന്റ് പരിശോധിക്കേണ്ടതാണ്. ഒന്നും രണ്ടും അലോട്ട്മെന്റുകൾക്കു ശേഷം ഒഴിവു വന്ന സീറ്റുകളിലേക്കാണ് മൂന്നാം അലോട്ട്മെന്റ് നടത്തിയിരിക്കുന്നത്.

ഒന്ന്, രണ്ട് അലോട്ട്മെന്റുകളിൽ അലോട്ട്മെന്റ് ലഭിക്കാതെ ഈ അലോട്ട്മെന്റിൽ പുതുതായി അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യുന്നതിനായി സർവകലാശാല ഫീസ് ഓൺലൈനായോ, ഫീസ് അടയ്ക്കുന്നതിനുള്ള ചെലാന്റെ പ്രിന്റ് ഔട്ട് എടുത്ത് എസ്.ബി.ഐ. യുടെ ഏതെങ്കിലും ശാഖയിലോ ഒടുക്കേണ്ടതാണ്. സർവകലാശാല ഫീസ് ജനറൽ വിഭാഗത്തിന് 1525/- രൂപയും എസ്.സി./എസ്.ടി. വിഭാഗത്തിന് 840/- രൂപയുമാണ്. ചെലാൻ ഉപയോഗിച്ച് സർവകലാശാല ഫീസ് ഒടുക്കുന്ന അപേക്ഷകർ, ഫീസ് അടച്ചതിനു ശേഷം അഡ്മിഷൻ വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് ഫീസ് ഒടുക്കിയതിന്റെ വിവരം (ജേർണൽ നമ്പർ) നൽകി അലോട്ട്മെന്റ് മെമ്മോ പ്രിന്റെടുക്കാവുന്നതാണ്. ഒന്ന് രണ്ട് അലോട്ട്മെന്റുകളിൽ അലോട്ട്മെന്റ് ലഭിക്കുകയും സർവകലാശാല ഫീസ് അടച്ച് തങ്ങളുടെ സീറ്റ് ഉറപ്പു വരുത്തുകയും ചെയ്ത അപേക്ഷകർക്ക് മൂന്നാം അലോട്ട്മെന്റിൽ തങ്ങളുടെ ഹയർ ഓപ്ഷനുകളിലേക്ക് അലോട്ട്മെന്റ് ലഭിച്ചാൽ ഫീസ് വീണ്ടും അടയ്ക്കേണ്ടതില്ല.

### അലോട്ട്മെന്റ് മെമ്മോയും കോളേജ് പ്രവേശനവും

കേന്ദ്രീകൃത അലോട്ട്മെന്റ് സംവിധാനത്തിലൂടെ ഒന്ന്, രണ്ട്, മൂന്ന് അലോട്ട്മെന്റുകളിൽ അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർക്ക് 2018 ജൂൺ 25 മുതൽ അലോട്ട്മെന്റ് മെമ്മോ വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ച കോളേജ്, കോഴ്സ്, കാറ്റഗറി, അഡ്മിഷൻ എടുക്കേണ്ട തീയതി എന്നിവ അലോട്ട്മെന്റ് മെമ്മോയിൽ ഉണ്ടായിരിക്കും. യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസൽ പകർപ്പുകൾ സഹിതം (കൂടുതൽ വിവരങ്ങൾക്ക് അലോട്ട്മെന്റ് മെമ്മോ കാണുക) മെമ്മോയിൽ പ്രസ്താവിച്ചിരിക്കുന്ന ദിവസം കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്. ഇപ്രകാരം അഡ്മിഷൻ എടുക്കാത്ത അപേക്ഷകരുടെ അലോട്ട്മെന്റ് റദ്ദാകുന്നതും അവരെ യാതൊരു കാരണവശാലും തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതുമല്ല.

അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ തങ്ങൾക്ക് ലഭിച്ച സീറ്റിൽ തൃപ്തരല്ലെങ്കിലും തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കപ്പെടേണ്ടതിനായി അലോട്ട്മെന്റ് മെമ്മോയിൽ പറഞ്ഞിരിക്കുന്ന സമയത്ത് അലോട്ട്മെന്റ് ലഭിച്ച കോളേജിൽ അഡ്മിഷൻ എടുക്കേണ്ടതാണ്. അഡ്മിഷൻ എടുത്തവർ ആ സീറ്റിൽ സംതൃപ്തരാണെങ്കിൽ അവരുടെ ഹയർ ഓപ്ഷനുകൾ ജൂലായ് 4 രാവിലെ 10 മണി വരെ നീക്കം ചെയ്യാവുന്നതാണ്. നിലനിർത്തപ്പെടുന്ന ഹയർ ഓപ്ഷനുകൾ തുടർന്നു വരുന്ന അലോട്ട്മെന്റിൽ പരിഗണിക്കുന്നതും പുതിയ അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം ആ സീറ്റ് നിർബന്ധമായും സ്വീകരിക്കേണ്ടതുമാണ്.

ഏതെങ്കിലും മതിയായ കാരണങ്ങളാൽ അലോട്ട്മെന്റ് മെമ്മോയിൽ നിർദ്ദേശിച്ചിരിക്കുന്ന സമയത്തും തീയതിയിലും കോളേജിൽ അഡ്മിഷൻ എടുക്കാൻ കഴിയാത്തവർക്ക് 2018 ജൂൺ 30–ന് ബന്ധപ്പെട്ട കോളേജുകളിൽ ഹാജരായി അഡ്മിഷൻ എടുക്കാവുന്നതാണ്.

30.06.2018